കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# സ്വേച്ഛയാ ശമ്പളം വിട്ടുകൊടുക്കൽ (നികുതി ചുമത്തലിൽനിന്ന് ഒഴിവാക്കൽ) ആക്റ്റ്, 1961

(1961-ലെ 46-ാം നമ്പർ ആക്റ്റ്)

വില 0-70

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1981

കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# സ്വേച്ഛയാ ശമ്പളം വിട്ടുകൊടുക്കൽ (നികുതി ചുമത്തലിൽനിന്ന് ഒഴിവാക്കൽ) ആക്ട്, 1961

(1961-ലെ 46-ാം നമ്പർ ആക്ട്)

K0-70

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1981

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# സ്വേച്ഛയാ ശമ്പളം വിട്ടുകൊടുക്കൽ (നികുതി ചുമത്തലിൽ നിന്ന് ഒഴിവാക്കൽ) ആക്റ്റ്, 1961

(1961-ലെ 46-ാം നമ്പർ)

[1961 ഡിസംബർ, 6.

തനിക്ക് നൽകേണ്ട ശമ്പളത്തിൻേറയോ ബത്തകളുടേയോ ഒരു ഭാഗം പൊതുതാൽപ്പര്യത്തിനുവേണ്ടി പരിത്യജിക്കാൻ സന്നദ്ധനാകുന്ന ഏതെങ്കിലും ആരംക്കു, നൽകേണ്ട ആ ഭാഗം ആദായത്തിൻമേലുളള നികുതികളിൽനിന്ന് ഒഴിവാക്കുന്നതിന് വ്യവസ്ഥ ചെയ്യാനുളള ആക്റ്റ്.

ഇൻഡ്യാ റിപ്പബ്ലിക്കിൻെറ പന്ത്രണ്ടാം സംവൽസരത്തിൽ പാർലമെൻറ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന്, സ്വേച്ഛയാ ശമ്പളം വിട്ടുകൊടുക്കൽ (നികുതി ചുമത്തലിൽനിന്ന് ഒഴിവാക്കൽ) ആക്റ്റ്, 1961 എന്നു പേർ പറയാവുന്നതാണ്.

2. ഗവൺമെൻറിനു വിട്ടുകൊടുക്കുന്ന ശമ്പളങ്ങളെ സംബന്ധിച്ച ആദായത്തിൻമേലുളള നികുതികളിൽനിന്ന് ഒഴിവാക്കൽ.—ഇൻഡ്യൻ ആദായനികുതി ആക്റ്റ്, 1922-ലോ, ആദായത്തിൻമേലുളള നികുതി ചുമത്തൽ സംബന്ധിച്ച് തത്സമയം പ്രാബല്യത്തിലിരിക്കുന്ന മറേറതെങ്കിലും നിയമത്തിലോ എന്തു തന്നെ അടങ്ങിയിരുന്നാലും, ഏതെങ്കിലും ആരം—

(ക) അയാളുടെ ശമ്പളം ഇൻഡ്യയുടെ സഞ്ചിതനിധിയിൽനിന്നോ, ഒരു സ്റേറററിൻെറ സഞ്ചിതനിധിയിൽനിന്നോ കൊടുക്കപ്പെടുന്നിടത്ത്, 1961 മാർച്ച്, 31-ാം തീയതിക്കുശേഷമുളള ഏതെങ്കിലും കാലത്തേക്ക്, അയാരംക്കു കിട്ടാനുളള ശമ്പളത്തിൻെറ, അയാരം ലിഖിതപ്രഖ്യാപനംവഴി പൊതുതാൽപ്പര്യത്തിനുവേണ്ടി പരിത്യജിക്കാൻ സന്നദ്ധനായിട്ടുളള ഭാഗം സംബന്ധിച്ചും

(ഖ) മറേറതെങ്കിലും സംഗതിയിൽ, 1961 മാർച്ച് 31-ാം തീയതിക്ക് ശേഷമുളള ഏതെങ്കിലും കാലത്തേക്ക്, അയാരംക്കു കിട്ടാനുളള ശമ്പളത്തിൻെറ, അയാരം കേന്ദ്രഗവൺമെൻറ് ഇതിലേക്ക് ഉണ്ടാക്കുന്ന ചട്ടങ്ങരം അനുസരിച്ച്, പൊതു താൽപ്പര്യത്തിനുവേണ്ടി ആ ഗവൺമെൻറിന് വിട്ടുകൊടുക്കുകയും നൽകുകയും ചെയ്തിട്ടുളള ഭാഗം സംബന്ധിച്ചും ;

യാതൊരു ആദായനികുതിയോ, അധിനികുതിയോ കൊടുക്കേണ്ടതായിരിക്കുന്നതല്ലാത്തതും, ശമ്പളത്തിൻെറ അങ്ങനെയുളള ഭാഗം, ആദായത്തിൻമേലുളള നികുതി ചുമത്തൽ സംബന്ധിച്ച ഏതെങ്കിലും നിയമത്തിൻെറ ആവശ്യങ്ങരംക്ക് അയാളുടെ ഒട്ടാകെ ആദായത്തിൽ ഉരംപ്പെടുന്നതല്ലാത്തതുമാകുന്നു.

3/1446/V.

3. <u>2-ാം വകുപ്പിലെ വ്യവസ്ഥകൾ ബത്തകൾക്ക് ബാധകമാകുമെന്ന്</u>.—
2-ാം വകുപ്പിലെ വ്യവസ്ഥകൾ, അതിൽ പരാമർശിച്ച ഏതെങ്കിലും ആൾക്ക്,
1961 മാർച്ച്, 31-ാം തീയതിക്കുശേഷമുള്ള ഏതെങ്കിലും കാലത്തേക്ക്, കിട്ടാ
നുള്ള ഏതെങ്കിലും ബത്തകൾ സംബന്ധിച്ച്, അവ, അയാളുടെ ശമ്പളം
സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) കേന്ദ്രഗവൺമെൻറിന്,
ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ
നടപ്പിലാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ വകുപ്പിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും
അത്, ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറ് സമ്മേള
നത്തിലിരിക്കുമ്പോൾ അത ൻെറ ഓരോ സഭയുടേയും മുമ്പാകെ അത് ഒരു
സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടു സമ്മേളനങ്ങളിലോ ആയി ആകെ
മുപ്പതുദിവസക്കാലത്തേക്ക്, വയ്ക്കേണ്ടതും, ഏതു സമ്മേളനത്തിലാണോ അത്
അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനു തൊട്ടടുത്തു വരുന്ന
സമ്മേളനമോ അവസാനിക്കുന്ന തിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ
എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അ ല്ലങ്കിൽ ആ
ചട്ടം ഉണ്ടാക്കരുതെന്നതിൽ ഇരുസഭകളും യോജിക്കുകയോ, ചെയ്യുന്നു
വെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, അങ്ങനെ
രൂപഭേദപ്പെടുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ
പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആണ്; എന്നാൽ അങ്ങനെ
യുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, പ്രാബല്യശൂന്യമാക്കലോ, ആ ചട്ട
ത്തിൻ കീഴിൽ മുമ്പുചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും, സാധുതയ്ക്ക്
ഭംഗം വരാത്ത വിധം ആയിരിക്കുന്നതാണ്.

5. <u>റദ്ദാക്കൽ</u>.—(1) സ്വേച്ഛയാ ശമ്പളം വിട്ടുകൊടുക്കൽ, (നികുതി
ചുമത്തലിൽനിന്ന് ഒഴിവാക്കൽ) ആക്ററ്, 1950, ഇതിനാൽ റദ്ദാക്കപ്പെട്ടി
രിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയെന്നിരുന്നാലും, മുൻപറഞ്ഞ ആക്ററിൻ
കീഴിൽ ചെയ്യപ്പെട്ട ഏതെങ്കിലും പ്രഖ്യാപനം ഈ ആക്ററിൻെറ ആവശ്യ
ങ്ങൾക്ക് ചെയ്യംപ്പട്ട ഒരു പ്രഖ്യാപനമായി കരുതപ്പെടുന്നതാണ്.